# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3247** **07.11.2019-ൽ മറുപടിയ്ക്ക്**

**കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് കടലാക്രമണ ഭീഷണി നേരിടുന്ന എത്ര കുടുംബങ്ങളുണ്ടെന്ന് ഫിഷറീസ് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് ഏകദേശം 350 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. 2016 ൽ ഫിഷറീസ് വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം തീരദേശത്ത് വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 24454 കുടുംബങ്ങൾ താമസിക്കുന്നതായി കണക്കാക്കിയിരുന്നു. തുടർന്ന് ഫിഷറീസ് വകുപ്പ് ഈ മേഖലയിൽ വിശദമായ സർവ്വേ നടത്തി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. |
| ബി) ഇവരെ പുനരധിവസിപ്പിക്കാനായി ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചു; എത്ര പേരെ പുനരധിവസിപ്പിച്ചു; ഇനി എത്ര പേരെ പുനരധിവസിപ്പിക്കാനുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | ബി) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളിൽ ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ടാർജറ്റ് | സ്ഥലം വാങ്ങിയവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 760 | 478 |
| 2 | കൊല്ലം | 217 | 180 |
| 3 | ആലപ്പുഴ | 188 | 101 |
| 4 | എറണാകുളം | 112 | 107 |
| 5 | തൃശ്ശൂർ | 20 | 18 |
| 6 | മലപ്പുറം | 93 | 43 |
| 7 | കോഴിക്കോട് | 117 | 70 |
| 8 | കണ്ണൂർ | 142 | 133 |
| 9 | കാസർഗോഡ് | 149 | 131 |
| | ആകെ | 1798 | 1261 |

| | | | |
|---|---|---|---|
| സി) | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരായി ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ എത്ര പേർ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ എത്രയായെന്നും വ്യക്തമാക്കുമോ; | സി) | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരായി എത്ര പേർ ഉണ്ടായിരുന്നുവെന്നുള്ള കണക്കുകൾ ലഭ്യമല്ലായിരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ഈ സർക്കാർ അധികാരത്തിലേറുന്നതിന് 4 വർഷം മുൻപ് മുതൽ വിവിധ സ്കൂളുകളിൽ കഴിഞ്ഞവരുണ്ടായിരുന്നു. തിരുവനന്തപുരത്തെ മുട്ടത്തറയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് അവരുടെ പുനരധിവാസം ഈ സർക്കാർ ഉറപ്പാക്കുകയുണ്ടായി. കൂടാതെ ആലപ്പുഴ ജില്ലയിലെ പുറക്കാട് പ്രദേശത്തും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളുണ്ടായിരുന്നു. അവരെ പുനരധിവസിപ്പിക്കുന്നതിനും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ 2016 ജൂൺ-ജൂലൈയിൽ ഉണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ 248 പേർക്ക് സ്ഥലവും വീടും നഷ്ടപ്പെട്ടതായി കണക്കാക്കുകയും ഇവരെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസി പ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപാ വീതം ധന സഹായം നൽകുന്നതിന് 25 കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകുകയും ഈ പ ദ്ധതി പ്രകാരം ആകെ 129 പേർ സ്ഥലം വാങ്ങി ഭവനനിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്. ഇതിൽ 117 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| ഡി) | ഇവരെ പുനരധിവസിപ്പിക്കാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു; എത്ര പേരെ പുനരധിവസിപ്പിച്ചു; ശേഷിക്കുന്നവർ എത്ര; വിശദാംശം ലഭ്യമാക്കുമോ? | ഡി) | തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധി വസിപ്പിക്കുന്നതിന്റെ ഭാഗമായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളിൽ ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മുട്ടത്തറയിൽ 192 പേരെ പുനരധിവസിപ്പിക്കു ന്നതിനുള്ള ഫ്ളാറ്റ് നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ ത്തിനായി ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയി ലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത് . |

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ തീരദേശ നിവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ആഫീസർ**